# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 493
# 29.05.2019 ലെ മറുപടിക്ക്

## ആസ്തി വികസനഫണ്ടിലെ ടെണ്ടർ സേവിംഗ്സ്

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നോമിനേറ്റഡ് എം.എൽ.എയുടെ നിയോജകമണ്ഡലം ആസ്തി വികസനഫണ്ടിൽ 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഉണ്ട് എന്ന് വ്യക്തമാക്കാമോ; | 2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ച് തുടങ്ങിയത്. 04/08/2018 ലെ സ.ഉ(പി)നം.119/2018/ധന ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിയ്ക്കേണ്ടതാണ്. പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാകളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഒരു എം.എൽ.എ ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്യ്ത മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വർഷത്തെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിയ്ക്കുകയുള്ളൂ. |
| (ബി) | ഇത് സംബന്ധിച്ച വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ